**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.686 13.06.2012-ൽ മറുപടിയ്ക്ക്

<u>ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് സൗന്ദര്യവത്ക്കരണം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | വണ്ടാനം മെഡിക്കൽ കോളേജിന്റെ സൗന്ദര്യവത്ക്കരണ പ്രവർത്തനങ്ങൾ പൂർത്തിയായോ; ഇല്ലെങ്കിൽ എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ ; | എ) | പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |
| ബി) | ആയതിന്റെ അടങ്കൽ തുക എത്ര ; ഈ പ്രവൃത്തിയുടെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളത് ; കരാർ പ്രകാരം എന്നാണ് പണി പൂർത്തീകരിക്കേണ്ടത്; വിശദമാക്കുമോ ; | ബി) | ₹ 1,97,13,659/- (ഒരു കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി പതിമൂവ്വായിരത്തി അറുനൂറ്റി അമ്പത്തൊമ്പത് രൂപ). കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് കരാർ ഏറ്റെടുത്തിരിക്കുന്നത്. കരാർ പ്രകാരം ആറു മാസത്തിനകമാണ് പണി പൂർത്തിയാക്കേണ്ടത്. |
| സി) | കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ? | സി) | കരാറുകാരുടെ ഭാഗത്തു നിന്നും കാലതാമസം ഉണ്ടായിട്ടില്ല. കാലതാമസമുണ്ടായതിന്റെ കാരണങ്ങൾ താഴെ പറയുന്നു:<br>1. സൗന്ദര്യവൽക്കരണം നടത്തുന്ന സ്ഥലത്ത് നിലവിലുണ്ടായിരുന്ന പാഴ്മരങ്ങൾ നീക്കം ചെയ്യുന്നതിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ അനുവാദം കിട്ടാൻ വൈകിയത്.<br>2. പ്ലോട്ടിനകത്ത് നിറയ്ക്കാനുള്ള ഗ്രാവൽ കിട്ടാനുള്ള ബുദ്ധിമുട്ട്.<br>3. ആശുപത്രി വളപ്പിനുള്ളിലായതിനാൽ ഗതാഗത തടസ്സം സൃഷ്ടിക്കാതെ ഘട്ടം ഘട്ടമായി മാത്രമാണ് പണി നടത്താൻ കഴിയുന്നത്. 50% പണി പൂർത്തിയായി. ബാക്കി പണികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. എത്രയും വേഗം പണിതീർക്കുന്നതിനുള്ള നിർദ്ദേശം കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ